# <u>പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക ആരോഗ്യത്തിനായി പരിശീലന ക്ലാസ്സ് നടത്തി</u>




എറണാകുളം റൂറൽ ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ശാരീരികവും, മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എറണാകുളം റൂറൽ ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥർക്കായി ഇന്ന് (27.08.2019) സ്ട്രസ്സ് മാനേജ്മെന്റ് ട്രയിനിംഗ് സംഘടിപ്പിച്ചു.

ജില്ലയിലെ മുഴുവൻ സേനാംഗങ്ങൾക്കും ഘട്ടം ഘട്ടമായി സ്ട്രസ്സ് മാനേജ്മെന്റ്, മാനസിക ആരോഗ്യം തുടങ്ങിയ വിഷയങ്ങളിലുള്ള പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആലുവയിലുള്ള ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വെച്ച് നടത്തിയ ട്രയിനിംഗ് പരിപാടിയുടെ ആദ്യ ബാച്ചിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നായി 100 പേർ പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങ് ജില്ലാ പോലീസ് മേധാവി ശ്രീ.കെ.കാർത്തിക് IPS ഉദ്ഘാടനം ചെയ്തു. ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ.കെ.എം.ജിജിമോൻ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മൈൻഡ് പവർ, കൌൺസലിംഗ് ട്രെയിനർ രാഖി.റ്റി.ജി യുടെ നേതൃത്വത്തിലുള്ള ടീമാണ് ക്ലാസുകൾ നയിച്ചത്.